പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2309 — 08.03. 2017 ൽ മറുപടിക്ക്

**വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്ക്**

ചോദ്യം — ഉത്തരം

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകളുടെ അക്കൗണ്ടിംഗ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടോ; | (എ) വൈദ്യുതി ബോർഡിന്റെ വരവ് ചെലവ് കണക്കുകളുടെ അക്കൗണ്ടിംഗ് കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഓരോ വൈദ്യുതി ഉൽപാദന കേന്ദ്രത്തിൽ നിന്നുമുള്ള ഉൽപാദനത്തിന്റെയും അതാതിന്റെ ഭരണപരമായതും അറ്റകുറ്റപ്പണി-യുൾപ്പെടെയുള്ള മെയിന്റനൻസ് ചെലവുകളും വെവ്വേറെ ശേഖരിക്കുന്നതിനും കണക്കാക്കുന്നതിനും നിലനിൽക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) കെ.എസ്.ഇ.ബി യുടെ ഉത്പാദന, വിതരണ, പ്രസരണ മേഖലകളിൽ വെവ്വേറെയുള്ള അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകളിലായാണ് കണക്കുകൾ സൂക്ഷിക്കുന്നത്. എന്നാൽ ഒരു അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റിനു കീഴിൽ ഒന്നിൽ കൂടുതൽ ഉത്പാദന കേന്ദ്രങ്ങൾ ഉണ്ടാകുന്ന അവസ്ഥയിൽ ഓരോ ഉത്പാദന കേന്ദ്രത്തിന്റേതുമായി അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള മെയിന്റനൻസ് ചെലവുകളും വെവ്വേറെ ശേഖരിക്കുന്നതിനും കണക്കാക്കുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. |
| (സി) വിവിധ കേന്ദ്രങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെയും വിതരണം ചെയ്യുന്ന വൈദ്യുതിയുടെയും ചെലവും വരവും സംബന്ധിച്ച കണക്കുകൾ ഒരുമിച്ചും വെവ്വേറെയും ശേഖരിക്കുന്നതിനും വേർതിരിച്ച് സൂക്ഷിക്കുന്നതിനും തിരിച്ചെടുക്കുന്നതിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;<br>(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ആർജ്ജിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) & (ഡി) വിവിധ കേന്ദ്രങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ചെലവ് സംബന്ധിച്ച വിവരം ലഭ്യമാണ്. അതുപോലെ വിതരണം ചെയ്യുന്ന വകയിലുള്ള വരവ് സംബന്ധിച്ച വിവരവും ലഭ്യമാണ്. എന്നാൽ വൈദ്യുതി ബോർഡ് ഉത്പാദിപ്പിക്കുന്നതും വിവിധ കേന്ദ്രങ്ങളിൽ നിന്ന് വാങ്ങുന്നതുമായ വൈദ്യുതി ഒന്നിച്ച 'പൂൾ' ചെയ്ത് വിതരണം ചെയ്യുന്നതിനാൽ വിവിധ കേന്ദ്രങ്ങളിൽ നിന്ന് വാങ്ങിയ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള വരവും ചെലവും വെവ്വേറെ സൂക്ഷിക്കുന്നതിനും നൽകുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് സാങ്കേതിക വിദ്യയിലൂടെ പരിഹരിക്കാവുന്നതല്ല. |

സെക്ഷൻ ഓഫീസർ